## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 775 — 7.2.2013-ലെ മറുപടിക്ക്

## മാനസികാരോഗ്യ കേന്ദ്രങ്ങളിലെ മിനിമം സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) 1987-ലെ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള മിനിമം സ്റ്റാഫ് പാറ്റേൺ ഇതു വരെയും നടപ്പാക്കാൻ കഴിയാതിരുന്നതുമൂലമുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണുന്നുണ്ടോ ; | എ) 1987 -ലെ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരം മിനിമം സ്റ്റാഫ് പാറ്റേൺ സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളിൽ മാത്രം മതി. സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസ് ആവശ്യമില്ലാത്തതിനാൽ ആക്ട് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ നിർബന്ധമില്ല. എന്നാൽ സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് ഗൗരവമായി തന്നെ കാണുന്നുണ്ട്. |
| ബി) വൈദഗ്ധ്യം നേടിയ ഡോക്ടർമാരുടെയും സോഷ്യൽ വർക്കർമാരുടെയും കുറവ് മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന നിയമസഭാ സമിതിയുടെ കണ്ടെത്തൽ വിലയിരുത്തിയിട്ടുണ്ടോ ; | ബി) വിലയിരുത്തിയിട്ടുണ്ട് |
| സി) ഇത് പരിഹരിക്കാൻ സമിതി സർക്കാരിനു മുന്നിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ എതെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? എങ്കിൽ. വിശദമാക്കുമോ? | സി) സമിതി സർക്കാറിന് സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 3 മാനസികാരോഗ്യ കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം സർക്കാറിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ